# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലകുളത്തൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്. എ.കെ.കെ.ഡി/പി4/
799/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 17/03/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലകുളത്തൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലകുളത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലകുളത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: 799/2020 നം.കെ.എസ്. എ.കെ.കെ.ഡി/പി4/ തീയ്യതി: 17/03/2021

# കോഴിക്കോട് ജില്ലയിലെ തലകുളത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തലകുളത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടിഡയരക്ടർ | 13-07-2020 | 29-07-2020 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-07-2020 | 29-07-2020 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ,
ഇ.വി.ഹരി,ഓഡിറ്റ് ഓഫീസർ,
ദിശ ആർ.കെ,അസി.ഓഡിറ്റ് ഓഫീസർ,
രാജീവൻ എൻ,സീനിയർ ഗ്രേഡ് ഓഡിറ്റർ,

അനൂപ് കെ.വി,ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ .സി.പ്രകാശൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.പി.ജി.സുനിൽകുമാർ | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അസി.സെക്രട്ടറി | ശ്രീ.കെ.ഹരിഹരൻ | 01-04-2019 | 31-03-2020 |
| അസി.എഞ്ചിനീയർ | ശ്രീമതി.കെ.ഷബീല | 01-04-2019 | 31-03-2020 |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ.കെ.ബേബി പ്രീത | 01-04-2019 | 31-03-2020 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.സി.കെ.നിഷ | 01-04-2019 | 31-03-2020 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ബിന്ദു കെ. | 01-04-2019 | 30-05-2019 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.രഞ്ജിത് ചന്ദ്ര | 01-06-2019 | 31-03-2020 |
| വെറ്ററിനറി സർജൻ | ഡോ.അമൂല്യ പി,എൻ | 01-04-2019 | 02-08-2019 |
| വെറ്ററിനറി സർജൻ | ഡോ.അൻഷാദ് | 03-08-2019 | 31-03-2020 |
| ഹെഡ്മാസ്റ്റർ | ശ്രീ.ഭാസ്കരൻ എം | 01-04-2019 | 31-03-2020 |
| വി.ഇ.ഓ 1 | ശ്രീ.രാജേഷ് പി | 01-04-2019 | 31-03-2020 |
| വി.ഇ.ഓ 2 | ശ്രീ.അരുൺ ഇ | 01-04-2019 | 31-03-2020 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി സ്മീത കെ | 01-04-2019 | 31-03-2020 |
| സബ് ഇൻസ്പെക്ടർ ,ഫിഷറീസ് | ശ്രീ.ബാബു എം | 01-04-2019 | 31-03-2020 |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.ബിന്ദു എൻ | 01-04-2019 | 31-03-2020 |
| കൃഷി യോഫീസർ | ശ്രീ.രൂപക് | 01-04-2019 | 27-09-2019 |
| കൃഷി യോഫീസർ | ശ്രീമതി.ജെ.ദീപ | 28-09-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Balakrishnan K.M (Audit Officer (HG), On 02-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-1 |
| 2 | സാമ്പത്തിക വിശകലനം<br>Written By: Balakrishnan K.M (Audit Officer (HG), On 02-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-2 |
| 3 | ഫണ്ട് വിനിയോഗം ( ACR പ്രകാരം )<br>Written By: Balakrishnan K.M (Audit Officer (HG), On 02-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 02-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-4 |
| 5 | കേഷ് പരിശോധന<br>Written By: Balakrishnan K.M (Audit Officer (HG), On 02-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-5 |
| 6 | ആഭ്യന്തരനിയന്ത്രണം<br>Written By: Balakrishnan K.M (Audit Officer (HG), On 03-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Balakrishnan K.M (Audit Officer (HG), On 03-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-7 |
| 8 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 03-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-8 |
| 9 | റോഡ് കട്ടിംഗ് - ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 05-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-9 |
| 10 | ലേലത്തുക ഈടാക്കിയിട്ടില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 05-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-10 |
| 11 | കെട്ടിടവാടക ഈടാക്കിയില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-11 |
| 12 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-12 |
| 13 | റോഡ് കട്ട് ചെയ്തതിന് വാട്ടർ അതോറിറ്റിയിൽ നിന്ന് റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-13 |
| 14 | സ്ട്രീറ്റ് മെയിനിൽ മീറ്റർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.<br>Written By: Balakrishnan K.M (Audit Officer (HG), On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-14 |
| 15 | പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച<br>Written By: Balakrishnan K.M (Audit Officer (HG), On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-15 |
| 16 | തെരുവ് വിളക്ക് റിപ്പയർ – സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല | 1-16 |

| | | |
|---|---|---|
| | Written By: Balakrishnan K.M (Audit Officer (HG), On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | |
| 17 | കുടുബശ്രീക്ക് ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു.<br>Written By: Balakrishnan K.M (Audit Officer (HG), On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-17 |
| 18 | എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല.<br>Written By: Balakrishnan K.M (Audit Officer (HG), On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-18 |
| 19 | സ്കൂളുകൾക്ക് അരിപ്പത്തായം - മാനേജ്മെന്റ് സ്കൂളുകൾക്ക് ആനുകൂല്യംനൽകി<br>Written By: Balakrishnan K.M (Audit Officer (HG), On 08-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-19 |
| 20 | വിവിധ പദ്ധതികൾക്ക് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.<br>Written By: Balakrishnan K.M (Audit Officer (HG), On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-20 |
| 21 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-21 |
| 22 | സ്യൂട്ട് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-22 |
| 23 | തൊഴിൽരഹിത വേതനം - തുക അധികമായി അലോട്ട് ചെയ്ത് ലഭിക്കുന്നു<br>Written By: Balakrishnan K.M (Audit Officer (HG), On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-23 |
| 24 | ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ സ്ഥാപിച്ചില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-24 |
| 25 | തുടർസാക്ഷരത- ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ സഭ അംഗീകരിച്ചില്ല.<br>Written By: Balakrishnan K.M (Audit Officer (HG), On 09-03-2021)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 1-25 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: E.V Hari (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: E.V Hari (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: E.V Hari (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 4-3 |
| 4 | | 4-4 |

| | | |
|---|---|---|
| | വായ്പ / വായ്പാതിരിച്ചടവ്<br>Written By: E.V Hari (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | |
| 5 | സ്ഥിര നിക്ഷേപം<br>Written By: E.V Hari (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: E.V Hari (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: E.V Hari (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 4-7 |
| 8 | തീർപ്പാക്കാൻ അവശേഷിക്കുന്ന ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: E.V Hari (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: E.V Hari (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: E.V Hari (Audit Officer)<br>Last Updated By: Vasudevan M (Deputy Director, On 16-03-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2019-20 വർഷത്തെ പുതുക്കിയ ബജറ്റ് 10.3.2020 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിനായി 2019-20 ലെ വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി നൽകിയ അറിയിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥരായ ഹെഡ്മാസ്റ്റർ, ഐ. സി. ഡി. എസ് സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ (ഹോമിയോ) എന്നിവർ മാത്രമാണ് മറുപടി നൽകിയത്. മറ്റു നിർവ്വഹണ ഉദ്യോഗസ്ഥർ വിവരങ്ങൾ ലഭ്യമാക്കാത്ത കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,49,79,341 |
| വരവ് | 5,84,20,165 |
| ആകെ | 7,33,99,506 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,78,53,273 |
| നീക്കിയിരിപ്പ് | 1,55,46,233 |

## 1-3 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 16358972 | 16358972 | 14960079 | 1398893 |
| വികസനഫണ്ട് എസ്.സി.പി. | - | 4270666 | 4270666 | 4231522 | 39144 |
| വികസനഫണ്ട് ടി.എസ്.പി. | - | 37334 | 37334 | 37334 | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 2178000 | 2178000 | 2114849 | 63151 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 3394000 | 3394000 | 2272091 | 1121909 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 7600000 | 7600000 | 7339888 | 260112 |
| കെ.എൽ.ജി. എസ്.ഡി.പി | - | - | - | - | - |
| MNREGS – തൊഴിലാളികളുടെ കൂലി | - | 21127000 | 21127000 | 21127000 | - |
| MNREGS – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4695 | 293000 | 297695 | 268282 | 29413 |
| ബി. ഫണ്ട് | - | 13618940 | 13618940 | 13618940 | - |
| നീക്കിയിരിപ്പ് തുകകൾ വർഷാവസാനം ലാപ്സായി | | | | | |

കുറിപ്പ് – MNREGS വരവ് – ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ലഭിച്ചത് (എണ്ണം) | | | | ക്കിയത് (എണ്ണം) | (എണ്ണം) | കളുടെ ശതമാനം |
| 192 | 7,09,40,489 | 96 | 3,99,40,540 | 23 | 73 | 62 |

## 1-5 കേഷ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.7.2020 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-6 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും സ്യൂട്ട് രജിസ്റ്റർ ഒഴികെയുള്ള രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ എന്നിവ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൗണ്ടു ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നടത്തിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ഓഫീസ് മീറ്റിംഗ് ചേരുന്നുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. കെട്ടിട വാടക പിരിവ് കാര്യക്ഷമമല്ല. കൂടാതെ കെട്ടിട വാടക ബൈലോക്ക് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കിയിട്ടില്ല.

## 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.2.2019 മുതൽ 19.2.2019 വരെ | ജനുവരി 2019 | PAU 1/10/2018 തീയതി 19.2.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.4.2010 | 2005-06 മുതൽ 2009-10 വരെ | LBA HQ 111/II 8A 1561/22 തീയതി 17.5.2010 |

## 1-8 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 4 – 320700105 ഹെഡിൽ ഉള്ള 15,463 രൂപ സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ വിനിയോഗ ശേഷം ബാക്കിയുള്ള തുകയാണ്. ഈ തുക ജില്ലാ പഞ്ചായത്തിലേക്ക് തിരിച്ചടക്കേണ്ടതാണ്.
2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി. 4 പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ 7,03,887 രൂപയുടെ ഇനം തിരിച്ചുള്ള വിശദ വിവരം ലഭ്യമല്ല.
3. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 9 – 350800101 – Liability In Respect Of Stale Cheques - ഹെഡിൽ ഉള്ള 43,746 രൂപ കാലാവധി കഴിഞ്ഞ ചെക്കുകളുടേതാണ്. ആയതിനാൽ ഈ തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.
4. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 9 – 350800199 - മറ്റു ബാധ്യതകൾ - ഹെഡിൽ ഉള്ള 5,78,375 രൂപ വിവിധ വ്യക്തികൾ മണൽ ലഭിക്കുന്നതിനു വേണ്ടി ഗ്രാമ പഞ്ചായത്തിൽ അടച്ചതാണ്. എന്നാൽ മേൽ വ്യക്തികൾക്ക് മണൽ കൊടുക്കാൻ ഗ്രാമ പഞ്ചായത്തിന് നാളിതു വരെ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈ തുക ബന്ധപ്പെട്ട വ്യക്തികൾക്ക് തിരികെ നൽകേണ്ടതാണ്.
5. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 12 – 420700101 – സഹകരണ സ്ഥാപനങ്ങളിലെ സ്ഥിര നിക്ഷേപങ്ങൾ എന്ന ഇനത്തിൽ 47,71,454 രൂപ കാണുന്നു. എന്നാൽ 2019-20 വർഷം ഗ്രാമപഞ്ചായത്തിന് സ്ഥിര നിക്ഷേപങ്ങൾ എന്ന ഇനത്തിൽ നീക്കിയിപ്പ് ഉള്ളത് 24,74,599 രൂപയാണ്.
6. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ഷെഡ്യൂൾ ഐ.7 - 170100101 ഹെഡിൽ സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ എന്ന ഇനത്തിൽ 24,74,599 രൂപ കാണുന്നു. എന്നാൽ 2019-20 വർഷം ഗ്രാമ പഞ്ചായത്തിന് സ്ഥിര നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ എന്ന ഇനത്തിൽ ലഭിച്ചത് 1,77,744 രൂപയാണ്.
7. വി. ഇ .ഒ നിർവ്വഹണം നടത്തിയ 85/18-19 ലൈഫ് - ജനറൽ - പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 10,00,000 രൂപ ലഭിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
8. MNREGS വരവ് – ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
9. വാർഷിക കണക്ക് ഷെഡ്യൂൾ RP-32 പ്രകാരം വായ്പ ഇനത്തിൽ 16,20,000 രൂപ വരവുണ്ട്. എന്നാൽ വായ്പ ഇനത്തിലെ യഥാർത്ഥ വരവ് 99,83,262 രൂപയാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-9 റോഡ് കട്ടിംഗ് - ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2019-20 വാർഷിക കണക്ക് പ്രകാരം RP4 - Fees And User Charges (140700101) എന്ന ശീർഷകത്തിൽ Restoration Charges For Road Cutting ഇനത്തിൽ 1,71,552/- രൂപയുടെ വരവുണ്ട്. എന്നാൽ മേൽ വരവുമായി ബന്ധപ്പെട്ട് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ വരവുകളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/2019-20 തിയ്യതി 24.07.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ലേലത്തുക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ ലേല രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ പറമ്പത്ത് അങ്ങാടിയിലുള്ള മത്സ്യമാർക്കറ്റ് 20.03.2019 ന് നടന്ന ലേലത്തിൽ 2019-20 വർഷത്തേക്ക് അബിജിത്ത്. കെ, കൊളങ്ങരക്കണ്ടി എന്നവർക്ക് 1,23,200/- രൂപക്ക് ലേലം ഉറപ്പിച്ച് നൽകിയിട്ടുണ്ട്. ടിയാനുമായുള്ള 01.05.2019 ലെ എഗ്രിമെന്റ് പ്രകാരം ലേലത്തുകയിലെ അവസാന ഗഡു 2019 ഒക്ടോബർ 1 ന് പഞ്ചായത്തിൽ അടയ്ക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെയായി 1,13,402/- രൂപ മാത്രമാണ് അടച്ചിട്ടുള്ളത്. മത്സ്യമാർക്കറ്റ് ലേലത്തുകയിൽ അടയ്ക്കാൻ ബാക്കിയുള്ള 9,798/- രൂപ, ജി. എസ്. ടി, പ്രളയ സെസ്സ്, പിഴ എന്നിവ ഉൾപ്പെടെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/2019-20 തിയ്യതി. 22.07.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-11 കെട്ടിടവാടക ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2019-20 വർഷത്തിൽ കെട്ടിട വാടക ഇനത്തിൽ (കെട്ടിട നം. 16/631) ശ്രീ. ബിജു. കെ എന്നവരിൽ നിന്നും 2020 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടകയായ 7,530/- രൂപ (3 X 2510 = 7,530/-) ഈടാക്കിയിട്ടില്ല. ടിയാനുമായുള്ള 01.12.2018 മുതൽ മൂന്ന് വർഷത്തേക്കുള്ള എഗ്രിമെന്റ് പ്രകാരം ഓരോ മാസവും 5-ാം തിയ്യതി ആ മാസത്തെ വാടക, ജി. എസ്. ടി, എന്നിവ അടക്കേണ്ടതും അല്ലാത്തപക്ഷം 2% പിഴയടക്കാൻ ടിയാൻ ബാധ്യസ്ഥനുമാണ്. കെട്ടിടവാടക ഇനത്തിൽ ഈടാക്കാനുള്ള തുക, ജി എസ് ടി, പ്രളയ സെസ്സ്, പിഴ എന്നിവ ഉൾപ്പെടെ ഈടാക്കേണ്ടതാണ്.
2. പരിശോധനക്ക് ലഭ്യമാക്കിയ ഫയൽ പ്രകാരം കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അനുമതി വാങ്ങുന്നതിനായി 05.01.2009 ന് അയച്ചിട്ടുണ്ട്. എന്നാൽ മേൽ ബൈലോ അംഗീകരിച്ചത് സംബന്ധിച്ച യാതൊരു രേഖകളും ഫയലിലില്ല. ബൈലോയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ (നം.10/2019-20 തിയ്യതി. 22.07.2020) 24.7.2020 ന് രശീതി നം. 12008010l037 ആയി 9,864/ രൂപ അടച്ചിട്ടുണ്ട്. എന്നാൽ ഇത്തരം അപാകതകൾ സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് കാണിക്കുന്നത്. ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-12 തൊഴിൽ നികുതി - അപാകതകൾ

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പ്രകാരം താഴെ പറയുന്ന സ്ഥാപനത്തിന്റെ 2019-20 ൽ ഒന്നാം അർദ്ധവർഷത്തിൽ മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | 2019-20ഒന്നാം അർദ്ധവർഷത്തിൽ തൊഴിൽ നികുതി അടച്ചതിന്റെ വിവരം | 2019-20 രണ്ടാം അർദ്ധർഷത്തിൽ തൊഴിൽ നികുതി അടച്ചതിന്റെ വിവരം |
|---|---|---|---|
| 1 | ജെ കെ | 1,110/- രൂപ | അടച്ചിട്ടില്ല |

| | | | |
|---|---|---|---|
| | ഇന്റർലോക്ക്സ് (ജീവനക്കാരുടെ എണ്ണം = 4) | (രശീതി നം. 4807/16.11.19) | |

2. 2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്.

| ക്രമ നം (ഡി & ഒ രജിസ്റ്റർ) | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര്/ കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 348 | ദിനേഷ്. ടി | ഗ്രെയിൻസ് റെസ്റ്റോറന്റ് (14/338A) | 20 |
| 399 | സെക്രട്ടറി, കാരന്തൂർ സർവ്വീസ് സഹകരണ ബാങ്ക് | നീതി മെഡിക്കൽസ് (14/541A) | 3 |

എന്നാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/2019-20 തിയ്യതി. 22.07.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

## <u>1-13 റോഡ് കട്ട് ചെയ്തതിന് വാട്ടർ അതോറിറ്റിയിൽ നിന്ന് റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയില്ല</u>

പ്രവൃത്തിയുടെ പേര് - ബി. ഇ. എം. എൽ. പി സ്കൂൾ, പെരുളിത്താഴം റോഡ്

പ്രൊജക്റ്റ് നം. - 201/2019

അടങ്കൽ - 4,98,000

ചെലവ് - 4,16,358

അവസാന ബിൽ - 1,98,680 (ബിൽ നം. 18/2019-20 തീ. 31.01.2020 മെയിന്റനൻസ് ഗ്രാന്റ് )

അളവ് പുസ്തകം - 17/2019-20

കരാറുകാരൻ - ടി. വി സുരേഷ്കുമാർ

എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ചെയിനേജ് 0 മുതൽ 89 വരെയുള്ള 89 മീറ്റർ റോഡ് ഇതിനകം സോളിംഗ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതാണ്. ഫയൽ, അളവ് പുസ്തകം എന്നിവ പരിശോധിച്ചതിൽ മേൽ റോഡിൽ വാട്ടർ അതോറിറ്റി 89 മീറ്റർ നീളത്തിൽ പൈപ്പ് പ്രവൃത്തിക്ക് കുഴിയെടുത്തിട്ടുണ്ട്. മേൽകുഴി ലെവൽ ചെയ്ത് ടാർ ചെയ്ത പ്രവൃത്തിക്ക് കരാറുകാരന് 4,16,358 രൂപ തൻവർഷം നൽകിയിട്ടുണ്ട്. എന്നാൽ റോഡ് കട്ടിംഗ് ചാർജ് വാട്ടർ അതോറിറ്റിയിൽ നിന്ന്

ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/2018-19) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-14 സ്ട്രീറ്റ് മെയിനിൽ മീറ്റർ സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

| നിർവ്വഹണം | സെക്രട്ടറി |
|---|---|
| പ്രോജക്ട് നം. | 212/20 |
| അടങ്കൽ | 1,30,000 |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 1,13,526/- |
| ബിൽ നം. തി. | 17/19-20 തീയതി 30.10.2019 |

അത്തോളി സെക്ഷൻ കെ.എസ്.ഇ.ബി. അസി. എഞ്ചിനീയറുടെ എ2 – 5126/19/ 26.7.19 നമ്പർ കത്തിൽ സ്ട്രീറ്റ് മെയിൻ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിന് മീറ്റർ സ്ഥാപിക്കുന്നതിനുള്ള ഡിമാന്റ് നൽകണമെന്നാവശ്യപ്പെട്ടത് പ്രകാരം ഇതിനുള്ള ചെലവിലേക്ക് മേൽ സൂചിപ്പിച്ച തുക കെ.എസ്.ഇ.ബി.ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ ലൈറ്റുകൾക്കാണ് മീറ്റർ സ്ഥാപിച്ചത്, ഇതിന്റെ വില എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/19-20/21.7.20) നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി സമർപ്പിച്ച മറുപടിയോടൊപ്പം കെ.എസ്.ഇ ബി. യിൽ നിന്ന് ലഭിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് തലത്തിൽ ഇതിന്റെ മോണിറ്ററിംഗ് നടത്തിയതായി മറുപടിയിൽ സൂചിപ്പിച്ചിട്ടുമുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിൽ ഒൻപത് സ്ട്രീറ്റ് ലൈറ്റ് കൺട്രോളിംഗ് സ്വിച്ചുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം, വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-15 പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

ആസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്ത് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച

സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ വിശദമായി പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോൽസാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക, സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിൽ സഹായിക്കുന്നതിന് വിദഗ്ധർ സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന്

സഹായിക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ചുമതലകൾ . ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ, 2019-20 വർഷത്തിൽ ഏഴ് തവണ യോഗം ചേർന്നെങ്കിലും മേൽ സൂചിപ്പിച്ച ചുമതലകൾ നിറവേറ്റുന്ന തരത്തിലുള്ള ചർച്ചകൾ നടന്നതായി കാണുന്നില്ല.

<u>2. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെ പദ്ധതി നിർവ്വഹണം നടത്തി</u>

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്. സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3.1.2 (സി) യിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ വികസന മേഖലയിലും കഴിഞ്ഞ 20 വർഷങ്ങൾക്കുള്ളിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങളും പോരായ്മകളും വ്യക്തമായി പ്രതിഫലിക്കുന്ന പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ഉൾപ്പെടുത്തി ആദ്യവർഷത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് തുടർന്ന് വരുന്ന ഓരോ വർഷങ്ങളിലും പുതിയ വിവരങ്ങൾ ചേർത്ത് കാലികമാക്കേണ്ടതാണ്. ഇതിൽ നിന്നാണ് പദ്ധതികൾ ഉണ്ടാകേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും, ഇതിലെ വിവരങ്ങൾ കാലികമാക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയത്. ഓഡിറ്റ് വർഷത്തെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ, സ്റ്റാറ്റസ് റിപ്പോർട്ടുകൾ കാലികമാക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നതായി കാണുന്നില്ല.

<u>3. വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തുന്നു.</u>

നിലവിലുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കുക, സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ നടത്തുക, വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, ക്ഷമതയുള്ളതും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതവുമായ പ്രോജക്ടുകൾ പൂർണ്ണമായും ചിട്ടയായും നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. ഓഡിറ്റ് വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ ഇത്തരം ചുമതലകൾ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി കാണുന്നില്ല.

<u>4. നിർവ്വഹണം സമയബന്ധിതമായി നടക്കുന്നില്ല</u>

ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അതാത് മേഖലകളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ സഹകരണത്തോടെ ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം. തുടർന്ന് എല്ലാ പ്രൊജക്ടുകളുടെയും നിർവ്വഹണ പരിപാടികൾ തദ്ദേശ ഭരണ സ്ഥാപന തലത്തിൽ ക്രോഡീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം. നിർവ്വഹണത്തിലെ ഓരോ ഘട്ടവും നിശ്ചിത സമയക്രമത്തിനുള്ളിൽ പൂർത്തിയാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും ഉറപ്പാക്കേണ്ടതാണ്. 2019 – 20 സാമ്പത്തിക വർഷം സ്പിൽ ഓവർ ഇനത്തിൽ 44 പദ്ധതികൾ ഉണ്ടായിരുന്നു എന്നത് ഓഡിറ്റ് വർഷം മേൽ പരാമർശിച്ച പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല എന്നതാണ് കാണിക്കുന്നത്.

<u>5. മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല</u>

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ വിശദമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല.

പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷം പ്രോജക്ട് നമ്പർ 25/2019-20 ൽ ഉൾപ്പെടുത്തി 2,07,556/-രൂപ ചെലവഴിച്ചെങ്കിലും മോണിറ്ററിങ്ങിനായി തുക ചെലവഴിച്ചതായി കാണുന്നില്ല. ഒരോ പദ്ധതിയുടെയും ഫയലിന്റെ കൂടെ വിശദമായ മോണിറ്ററിംഗ് നടത്തിയതുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയതായി കാണുന്നില്ല.

6. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ഇങ്ങനെ ഓരോ ഘട്ടത്തിലും ഇതുമായി ബന്ധപ്പെട്ട വിവിധകമ്മിറ്റികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകി പദ്ധതി വിജയിപ്പിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കേണ്ടത് വികസന കാര്യ സ്റ്റൻന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ വിസന കാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും കമ്മിറ്റിയുടെ ഉത്തരവാദിത്തം തിരിച്ചറിഞ്ഞുകൊണ്ടുള്ള ചർച്ചകളോ പ്രവർത്തനങ്ങളോ നടക്കുന്നില്ലെന്നത് വ്യക്തമാണ്. ആസൂത്രണ പ്രവർത്തനങ്ങളെ ജനോപകാരപ്രദമാക്കിമാറ്റുന്നതിനും ലക്ഷ്യബോധത്തോടെ പദ്ധതി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും വേണ്ടി സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാതിരുന്നാൽ പദ്ധതി പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്താതിരിക്കുകയും അത് വഴി ആസൂത്രണ പ്രവർത്തനങ്ങൾ ദുർബലപ്പെട്ട് പോകാനും സാധ്യതയുണ്ട്.

ഇത് തിരിച്ചറിഞ്ഞ് ആസൂത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/19-20/23.7.20) സെക്രട്ടറി നൽകിയ മറുപടിയിൽ ആസൂത്രണ സമിതിയിലും വർക്കിംഗ് ഗ്രൂപ്പിലും ആവശ്യമായ ചർച്ചകളും പ്രവർത്തനങ്ങളും നടന്നിട്ടുണ്ടെന്നും എന്നാൽ ഇത് യഥാസമയം മിനുട്സ് ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കിയിട്ടുണ്ടെന്നും മോണിറ്ററിംഗ് യഥാസമയങ്ങളിൽ നടത്തിവരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല. ആസൂത്രണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നുള്ളത് ഉറപ്പുവരുത്താനാവശ്യമായ ഭരണതല നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-16 തെരുവ് വിളക്ക് റിപ്പയർ – സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ റിപ്പയർ നടത്തുന്നതിനാണ് ഈ പദ്ധതി നിർവ്വഹണം നടത്തിയത് . പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണം | സെക്രട്ടറി |
|---|---|
| പ്രോജക്ട് നം. | 98/20 |
| അടങ്കൽ | 3,00,000 |
| ഫണ്ട് | സി.എഫ്.സി |
| ചെലവ് | 3,00,000/- |
| ബിൽ നം. തി. | 12/20/10.10.2019 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കേടായ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്.

എന്നാൽ തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് 15.09.2011 ലെ നം. 3055/ ഡി.എ3/2011/തസ്വഭവ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയത്. നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ പരിപാലനം കെ.എസ്.ഇ.ബി ഉൾപ്പെടെയുള്ള ഏജൻസികൾക്ക് എ.എം.സി. വ്യവസ്ഥയിൽ നൽകാമെന്ന് മേൽ ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി നൽകിയത് എ.എം.സി. വ്യവസ്ഥയിലല്ല. എത്ര തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യേണ്ടതുണ്ട് ഏതൊക്കെ തരം, ബൾബുകൾ മാറ്റിയിടേണ്ടവ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി ചേർന്ന് വിശദമായ പഠനം നടത്താതെയാണ് പദ്ധതി നടപ്പാക്കിയത്. പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സാധനങ്ങൾ ഐ.എസ്.ഐ. നിലവാരത്തിലുള്ളതും ഇവയുടെ നിരക്ക് കെ.എസ്.ഇ.ബി യുടെ നിരക്കിനേക്കാൾ കുറഞ്ഞിരിക്കേണ്ടതുമാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.
2. സി.പി. ബിജു, കൽപ്പത്തൂർ എന്നയാളാണ് പ്രവൃത്തി ടെൻഡർ എടുത്തത്. കരാറുകാരനുമായി സെക്രട്ടറി കരാർ വെച്ചിട്ടുണ്ട്. (നം2/19-20/5.10.19) എന്നാൽ എന്തൊക്കെ പ്രവർത്തികളാണ് ചെയ്യേണ്ടത്, ഇതിന്റെ സമയപരിധി എന്നിവ സൂചിപ്പിച്ച് വ്യക്തമായ വ്യവസ്ഥകൾ എഗ്രിമെന്റിൽ എഴുതിച്ചേർത്തിട്ടില്ല.
3. പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
4. ടെണ്ടർ അംഗീകരിച്ച ശേഷം കരാറുകാരനായ സി. പി. ബിജുവിന് സെക്രട്ടറി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.(നം.A2-5126/18/4.1019) ഈ കത്തിൽ റിപ്പയർ ചെയ്യേണ്ട ബൾബുകളുടെ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്. ഇത്പ്രകാരം 9 Watt എൽ.ഇ.ഡി. ഓർഡിനറി 190 എണ്ണം, 9 Watt എൽ.ഇ.ഡി. മാനുൽ 170 ഏണ്ണം ഉൾപ്പെടെ ആകെ 360 ബൾബുകളാണ് റിപ്പയർ ചെയ്യാനുള്ളത്. ടെൻഡറിൽ ഇതിന്റെ റേറ്റായി അംഗീകരിച്ചിരിക്കുന്നത് 9 Watt എൽ.ഇ.ഡി. ഓർഡിനറിക്ക് 700/- രൂപയും, 9 Watt എൽ.ഇ.ഡി. മാനുലിന് 760/-രൂപയും ആണ്. ഇത് പ്രകാരം കരാറുകാരന് നൽകേണ്ട ആകെ തുക2,62,200/- (700 X 190 + 760 X 170) രൂപ മാത്രമാണ്. പ്രവൃത്തി പൂർത്തീകരിച്ചശേഷം കരാറുകാരൻ 15.11.2019 ന് സെക്രട്ടറിക്ക് നൽകിയ അപേക്ഷയിൽ 411 ബൾബുകൾ റിപ്പയർ ചെയ്തിട്ടുണ്ടെന്നും ഇതിന് 3,00,343/- രൂപ അനുവദിക്കണമെന്നുമാണ് സൂചിപ്പിച്ചിരിക്കുന്നത്. ഇത് പ്രകാരം ഒരു ബൾബ് റിപ്പയർ ചെയ്യാൻ 730/- രൂപ (300343 / 411) മാത്രമേ വരികയുള്ളൂ. എന്നാൽ ഇത്തരത്തിലൊരു റേറ്റ് ടെൻഡറിൽ കരാറുകാരൻ സൂചിപ്പിച്ചതായി കാണുന്നില്ല. ടെൻഡറിൽ കരാറുകാരൻ ക്വാട്ട് ചെയ്യാത്ത അധികനിരക്കിലുള്ള തുക കരാറുകാരന് നൽകിയിട്ടുണ്ട്. ഇത് പ്രകാരം അധികം നൽകിയത് 37,800/- രൂപയാണ് (3,00,000-2,62,200). ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്ക് രജിസ്റ്ററിൽ നിലവിലുള്ള തെരുവ് വിളക്കുകൾ സംബന്ധിച്ച് കൃത്യമായ വിവരം ഉൾപ്പെടുത്തിയിട്ടില്ല. എത്ര തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യേണ്ടതുണ്ട് എന്നത് സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിലില്ല. കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം നിശ്ചയിച്ച് അവയിൽ മുഴുവനും മീറ്റർ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.
5. കരാറുകാരൻ മാറ്റി സ്ഥാപിച്ച ബൾബുകളുടെ വാറന്റി സംബന്ധിച്ചോ, മാറ്റി സ്ഥാപിച്ച ബൾബുകൾ കേടാകുന്ന പക്ഷം കരാറുകാരന്റെ ഉത്തരവാദിത്തം സംബന്ധിച്ചോ എഗ്രിമെന്റിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.
6. എത്ര ബൾബുകൾ റിപ്പയർ ചെയ്തു/ മാറ്റിയിട്ടു എന്നത് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഫയലിൽ ഇല്ല. ഇത് സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

തെരുവ് വിളക്ക് സംബന്ധിച്ച് 2.10.2018ന് ചേർന്ന ഊർജ്ജം/ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 2017-18 വർഷം നടത്തിയ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതിയിൽ മാറ്റി സ്ഥാപിച്ച ലൈറ്റുകൾ മിക്കവാറും പ്രവർത്തന രഹിതമാണെന്നും ഇവ മാറ്റിയിടണമെന്നും അംഗങ്ങൾ ആവശ്യപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപാതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/19-20/21.7.20) സെക്രട്ടറി നൽകിയ മറുപടിയിൽ കെ.എസ്.ഇ.ബി. യുമായി ചേർന്ന് സംയുക്ത പരിശോധന നടത്താത്തതിനാൽ സ്ട്രീറ്റ് ലൈറ്റുകൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ലൈറ്റുകൾ റിപ്പയർ ചെയ്യുന്ന സമയത്ത് പൊതുജനങ്ങളുടെ അഭ്യർത്ഥന മാനിച്ച് മുൻകൂട്ടി തീരുമാനിക്കാത്ത സ്ഥലങ്ങളിൽ കൂടി ബൾബുകൾ സ്ഥാപിക്കുകയും ആയത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ഇല്ല. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച് വിശദമായ പഠനം നടത്താതെയുള്ള പദ്ധതി നിർവ്വഹണം ഗ്രാമ പഞ്ചായത്തിന് സാമ്പത്തിക നഷ്ടത്തിന് കാരണമാകും. ഇത് തടയുന്നതിന് സ്ഥാപന തലത്തിൽ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 കുടുബശ്രീക്ക് ലഭിച്ച വിവിധ ഫണ്ടുകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു.

വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കുടുംബശ്രീ സി.ഡി.എസ്സിന് ലഭിച്ച തുകകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ബേങ്ക് അക്കൗണ്ട് നം. | തുക |
|---|---|---|
| എസ്.സി.എ.ഫണ്ട് | SCB.Thalakulathur. A/C.2363 | 37,050 |
| ആശ്രയ കമ്പ്യൂട്ടർ | - Do - | 24,979 |
| കമ്മ്യൂണിറ്റി എന്റർപ്രൈസസ് ഫണ്ട്. | - Do - | 4,38,530 |
| റിവോൾവിംഗ് ഫണ്ട്. | - Do - | 12,68,924 |

കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായ വനിതകളുടെ ഉന്നമനത്തിനായി സർക്കാർ വിവിധ കാലങ്ങളിൽ നൽകിയ തുകകൾ പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ് ചെയ്യുന്നത്. സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള ധനസഹായം, ആശ്രയ കമ്പ്യൂട്ടർ ഫണ്ട്, റിവോൾവിംഗ് ഫണ്ട് എന്നിയാണ് പ്രധാനമായും ചെലവഴിക്കാതെ സൂക്ഷിച്ചിരിക്കുന്നത്. വിപുലമായ സംഘടനാ സംവിധാനമുള്ള കുടുംബശ്രീ സി.ഡി.എസ്സുകൾ ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യമാക്കി സർക്കാർ നൽകിയ ധനസഹായം വർഷങ്ങൾ കഴിഞ്ഞിട്ടും വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല.

തുക ചെലവഴിക്കാത്തതിന് വിശദീകരണം ആവശ്യപ്പട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/19-20/23.07.20) സി.ഡി.എസ് ചെയർപേഴ്സൺ നൽകിയ മറുപടിൽ മേൽ സൂചിപ്പിച്ച

ഫണ്ടുകൾ വിനിയോഗിക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച നടന്നതായി കാണുന്നില്ല. തുക ചെലവഴിക്കാൻ സാധിക്കാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടച്ച് അറിയിക്കേണ്ടതാണ്.

**1-18 എസ്.എസ്.എ.ക്ക് വിഹിതം നൽകൽ - പദ്ധതി ആസൂത്രണത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചില്ല.**

| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
|---|---|
| പ്രോജക്റ്റ് നം. | 125/20 |
| അടങ്കൽ | 11,45,000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 11,45,000/- |
| ബിൽ നം. തി. | 4/20/13.8.2019 |

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിലെ വിവിധ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എസ്.എസ്.എ. ക്ക് മേൽ തുക കൈമാറിയിട്ടുണ്ട്. സ. ഉ. (കൈ) നം.11/2018ത.സ്വ.ഭ.വ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 7.6 ൽ ഗ്രാമപഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മാത്രമല്ല ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണം എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് പങ്ക് വഹിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/19-20/21.7.2020) ഹെഡ്മാസ്റ്റർ നൽകിയ മറുപടിയിൽ മുൻ വർഷങ്ങളിൽ നൽകിയത് പോലെ എസ്.എസ്.എ ആവശ്യപ്പെട്ടത് പ്രകാരം തുക നൽകിയെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ ഈ മറുപടി തൃപ്തികരമല്ല. തുക നൽകുന്നത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയിൽ ചർച്ച നടന്നതായി കാണുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-19 സ്കൂളുകൾക്ക് അരിപ്പത്തായം - മാനേജ്മെന്റ് സ്കൂളുകൾക്ക് ആനുകൂല്യംനൽകി**

| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
|---|---|
| പ്രോജക്റ്റ് നം. | 122/20 |
| അടങ്കൽ | 40,000 |
| ഫണ്ട് | എം. ജി. (എൻ. ആർ ) |
| ചെലവ് | 39,997/- |
| ബിൽനം. തി. | 8/20 /17.10.2019 |

സ്കൂളുകളിൽ അരി സൂക്ഷിക്കുന്നതിന് സ്റ്റീൽ പെട്ടി വാങ്ങി നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. ആകെ നാല് പെട്ടികളാണ് വാങ്ങിയത് ഇതിൽ ഒന്ന് ജി. എൽ. പി. സ്കൂൾ, അന്നശ്ശേരിക്ക് നൽകി. ബാക്കി മൂന്നെണ്ണം നൽകിയത് യഥാക്രമം ശ്രീ കുമാരാശ്രമം എ.എൽ.പി.എസ്, തലക്കുളത്തൂർ, ഗുരുദേവ വിലാസം എ.എൽ.പി.എസ്, തലക്കുളത്തൂർ, മാക്കഞ്ചേരി എ.യു.പി.എസ്, തലക്കുളത്തൂർ എന്നീ സ്കൂളുകൾക്കാണ്. ഇവ മൂന്നും മാനേജ്മെന്റ് സ്കൂളുകളാണ്. സ.ഉ.

(കൈ) നം. 11/2018/ തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിൽ ഇത്തരം ആനുകൂല്യങ്ങൾ എയിഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്നത് സംബന്ധിച്ച് പരാമർശിക്കുന്നില്ല. പദ്ധതി മാർഗ്ഗ രേഖയിൽ പരാമർശിക്കാത്ത കാര്യങ്ങൾക്ക് മാനേജ്മെന്റ് സ്കൂളുകൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/19-20/21.7.2020) ഹെഡ്മാസ്റ്റർ സമർപ്പിച്ച മറുപടിയിൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പകുതിയോളം എയിഡഡ് മേഖലയിലാണെന്നും ഇവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കേണ്ടത് സമൂഹത്തിന്റെ കടമയാണെന്നുള്ള ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് മാനേജ്മെന്റ് സ്കൂളുകൾക്ക് പാത്രങ്ങൾ വാങ്ങി നൽകിയതെന്നാണ്. എന്നാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. സർക്കാർ സ്കൂളുകളിൽ തന്നെ നിരവധി വികസന പ്രവർത്തനങ്ങൾ നടത്താനുണ്ടെന്നിരിക്കെ, ഇതിന് വിനിയോഗിക്കേണ്ട ഫണ്ടുകൾ എയിഡഡ് മേഖലയിലെ വിദ്യാലയങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്നത് ശരിയായ നടപടിയല്ല. ഈ കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 വിവിധ പദ്ധതികൾക്ക് തുക കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിൽ വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട് എന്നാൽ രശീതി, പദ്ധതി പൂർത്തിയാക്കിയതിനുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1. ഐ.കെ.എം. ന് വിഹിതം കൈമാറൽ

| നിർവ്വഹണം | സെക്രട്ടറി |
|---|---|
| പ്രോജക്ട് നം. | 24/20 |
| അടങ്കൽ | 76,098 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 75,515/- |
| ബിൽ നം. തി. | 6/20/16.07.2019 |

ഐ.കെ.എം. ന് നൽകുന്നതിനുള്ള ഗ്രാമ പഞ്ചായത്ത് വിഹിതം മേൽ സൂചിപ്പിച്ച പ്രകാരം കൈമാറിയിട്ടുണ്ട്.എന്നാൽ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 2. സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം കൈമാറൽ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 01/20 |
| അടങ്കൽ | 1,00,000 |
| ഫണ്ട് | വികസനം (പൊതു) |
| ചെലവ് | 1,00,000/- |
| ബിൽ നം. തി. | 10/20/16.09.2019 |

മേൽ തുക സാമൂഹ്യ സുരക്ഷാ മിഷന് കൈമാറിയിട്ടുണ്ട്. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

## 1-21 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

**പ്രോജക്ട് നടപ്പാക്കാതെ ഫണ്ട് നഷ്ടപ്പെടുത്തി**

2019-20 വർഷം ഐ. സി. ഡി. എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തുക വകയിരുത്തിയ താഴെപ്പറയുന്ന പ്രോജക്ട് നടപ്പാക്കാതെ ഉപേക്ഷിച്ചതിനാൽ താഴെ വിവരിച്ച പ്രകാരം ഫണ്ട് ലഭ്യമാവാതെ നഷ്ടപ്പെട്ടിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര്, നമ്പർ | വകയിരുത്തിയ / നഷ്ടപ്പെട്ട തുക |
|---|---|---|
| 1 | എസ്. 00132/20 ബാലസഭ- കുട്ടികൾക്ക് കളരി പരിശീലനം | വികസന ഫണ്ട് - 1,00,000 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 1/2019-20 തീയതി 17.7.2020) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ എസ്. 00132/20 ബാലസഭ – കുട്ടികൾക്ക് കളരി പരിശീലനം എന്ന പ്രോജക്ട് നടപ്പാക്കാതിരുന്നത് പരിശീലകനെ ലഭിക്കാതിരുന്നതിനാലാണ് എന്ന് അറിയിച്ചിട്ടുണ്ട്. പരിശീലകനെ ലഭിക്കുമെന്ന് ഉറപ്പാക്കാതെ ഈ പ്രോജക്ട് തയ്യാറാക്കിയത് ശരിയായ നടപടിയല്ല. പ്രോജക്ട് നടപ്പാക്കാതെ ഉപേക്ഷിച്ചതിനാൽ 2019-20 ൽ ഇതിനായി വകയിരുത്തിയ തുക നഷ്ടപ്പെട്ടു എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-22 സ്യൂട്ട് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചപ്പോൾ വക്കീൽ ഫീസിനത്തിൽ ആകെ 32,500 രൂപ ചെലവഴിച്ചതായി കണ്ടു. എന്നാൽ വിവിധ കേസുകളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കേണ്ട സ്യൂട്ട് രജിസ്റ്റർ ശരിയായ വിധത്തിൽ പൂർണ്ണ വിവരങ്ങളോടെ തയ്യാറാക്കിയതായി കാണുന്നില്ല.

സ്യൂട്ട് രജിസ്റ്റർ ശരിയായ വിധത്തിൽ പൂർണ്ണ വിവരങ്ങളോടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-23 തൊഴിൽരഹിത വേതനം - തുക അധികമായി അലോട്ട് ചെയ്ത് ലഭിക്കുന്നു

ഗ്രാമപഞ്ചായത്തിന് 2018-19, 2019-20 വർഷങ്ങളിൽ തൊഴിൽ രഹിത വേതനം ഇനത്തിൽ ആവശ്യത്തിൽ കൂടുതൽ തുക അനുവദിച്ചു കിട്ടിയതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | 2018-19 | 2019-20 |
|---|---|---|
| അലോട്ട്മെന്റ് | 2,20,800 | 2,01,600 |
| പിൻവലിച്ചത് | 1,91,640 | 1,66,560 |
| ഗുണഭോക്താക്കളുടെ എണ്ണം | 205 | 191 |
| വിതരണം ചെയ്തത് | 1,62,720 | 1,06,560 |
| തിരിച്ചടച്ചത് | 28,920 | 60,000 |
| തുക തിരിച്ചടച്ച ചെലാൻ നമ്പർ, തീയതി | KL 013535765201819M, 27.3.2019 | KL 006999796201920M, 7.9.2019 |

2018-19 വർഷം 32 പേരും 2019-20 വർഷം 77 പേരും തൊഴിൽ രഹിത വേതനം കൈപ്പറ്റിയിട്ടില്ല. ഇപ്രകാരം ഗുണഭോക്താക്കൾ തൊഴിൽ രഹിത വേതനം കൈപ്പറ്റാത്ത സാഹചര്യം പരിശോധിക്കേണ്ടതാണ്.

## 1-24 ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ സ്ഥാപിച്ചില്ല

29.7.2009 ലെ ജി. ഒ. (എം. എസ്) 148/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവു പ്രകാരം ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂളുകൾ സ്ഥാപിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന 24 കുട്ടികളുണ്ട്. ഇവരുടെ പുനരധിവാസത്തിനായി

ബഡ്സ് സ്കൂളുകൾ സ്ഥാപിക്കാൻ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂളുകൾ സ്ഥാപിക്കാൻ നടപടി ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2019-20 തീയതി 17.7.2020) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുന്നതിന് വേണ്ടി വർക്കിംഗ് ഗ്രൂപ്പിലും വികസന സെമിനാറിലും ആവശ്യം ഉന്നയിച്ചിട്ടുണ്ട് എന്നും ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനു വേണ്ടി ഊർജ്ജിത ശ്രമം നടത്തി വരികയാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-25 തുടർസാക്ഷരത- ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ സഭ അംഗീകരിച്ചില്ല.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 189/20 |
| അടങ്കൽ | 50,000 |
| ഫണ്ട് | തനത് ഫണ്ട്. |
| ചെലവ് | 49,400/- |
| ചെക്ക്നം. തി. | 2177/10.7.2019 |

ഗ്രാമപഞ്ചായത്തിലെ 10ാം തരം, പ്ലസ് ടു, ഗുഡ് ഇംഗ്ലീഷ് എന്നീ കോഴ്സുകളിലെ പഠിതാക്കളുടെ കോഴ്സ് ഫീ സാക്ഷരതാ മിഷനിൽ അടയ്ക്കുന്നതിനാണ് പദ്ധതി നടപ്പാക്കിയത്. എന്നാൽ ഈ പദ്ധതിയിലെ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സാക്ഷരതാ പ്രേരക് നൽകിയ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമസഭകളിൽ നിക്ഷിപ്തമാണെന്നിരിക്കേ, ഗ്രാമസഭകളറിയാതെ ഗുണഭോക്താക്കളെ തീരുമാനിക്കുന്നത് ശരിയായ നടപടിയല്ല. ആസൂത്രണ പ്രക്രിയയിൽ ഓരോ കമ്മിറ്റികൾക്കുമുള്ള ഉത്തരവാദിത്തങ്ങൾ അവ നിർവ്വഹിക്കുന്നുണ്ടോയെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണ സമിതിയും പരിശോധിച്ച് ഉറപ്പുവരുത്താത്തത് കൊണ്ടാണ് ഇത്തരം അപാകതകൾക്ക് കാരണമാകുന്നത്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റ് ഉപയോഗിച്ച് പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/19-20/21.7.2020) ഹെഡ് മാസ്റ്റർ നൽകിയ മറുപടിയിൽ സാക്ഷരതാ പ്രേരക് മാർ തയ്യാറാക്കുന്ന മുൻഗണനാ ലിസ്റ്റ് ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കിവരുന്നതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇത് ശരിയായ നടപടിയല്ല. ചെലവ് തുക 49,400/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | പ്രൊജക്ടിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 52000 | തെങ്ങ് കൃഷിക്ക് ജൈവ, രാസ വള വിതരണം | 52000 | - | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 75000 | നെൽകൃഷിക്ക് വിത്തും കൂലി ചെലവും | 75000 | - | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 800000 | ലൈഫ് ഭവന പദ്ധതി എസ്. സി | 790038 | 9962 | തുടരുന്നു |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | - | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 152000 | അനുപൂരക പോഷകാഹാര വിതരണം | 151917 | 83 | തുടരുന്നു |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 400000 | വയോജനങ്ങൾക്ക് ആശ്വാസ മഞ്ചം | 400000 | - | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 250000 | - | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 100000 | - | പൂർത്തീകരിച്ചു |
| ജില്ലാ പഞ്ചായത്ത് | 2019-20 | 175000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 175000 | - | പൂർത്തീകരിച്ചു |
| | | 50000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50000 | - | പൂർത്തീകരിച്ചു |

വാർഷിക കണക്ക് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിൽ 7,03,887 രൂപ നീക്കിയിരിപ്പ് ഉണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 15,463 രൂപയും നീക്കിയിരിപ്പ് ഉണ്ട്. വാർഷിക കണക്ക് പ്രകാരമുള്ള കണക്കുകൾ ഈ പട്ടികയുമായി പൊരുത്തപ്പെടുന്നില്ല. ഈ പട്ടികയിൽ പരാമർശിച്ചവയിൽ മുൻവർഷത്തെ ഉൾപ്പെടെ ചെലവഴിക്കാതെ ശേഷിക്കുന്ന തുകകളുണ്ടെങ്കിൽ ആയവ ബന്ധപ്പെട്ട സ്ഥാപനത്തിലേക്ക് തിരിച്ചടക്കേണ്ടതാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 500000 | 500000 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 498550 | 498550 | 0 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 113526 | 113526 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ , തീയതി | സാമ്പത്തിക വർഷം | തൻവർഷം വായ്പ എടുത്ത തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് – ഹഡ്കോ വായ്പ | സ.ഉ. (എം.എസ്) 68/2018/ എൽ.എസ്. ജി.ഡി/ 18.5.2018 | 2019-20 | 9983262 | 9983262 | 882353 | ഇല്ല | 9100909 |

.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 22,96,855 |
| തൻവർഷം നിക്ഷേപിച്ച തുക | 1,77,744 |
| ആകെ | 24,74,599 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 24,74,599 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | കെ. ഡി. സി ബാങ്ക് | 16,70,170 | |
| 2 | കെ. ഡി. സി ബാങ്ക് | 8,04,429 | |
| ആകെ | | 24,74,599 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-2001 | 9 | 2003-04 പൊതു പരാമർശം | 11-13-1(25) | പലഹാര നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചില്ല |
| 2001-02 | 6 | 2003-04 പൊതു പരാമർശം | 11-13-1(26) | അലങ്കാരപ്പൂച്ചട്ടി നിർമ്മാണ യൂണിറ്റ് പ്രവർത്തിച്ചില്ല |
| 1999-2000 | 29 | 2003-04 പൊതു പരാമർശം | 11-13-6-2 | കാർഷിക യന്ത്രവൽകരണം |
| 1999-2000 | | 2003-04 മറ്റ് പരാമർശം | 11-14 | ഫുട്ബാൾ കോച്ചിംഗ് ക്യാമ്പ് |
| 1998-99 ഡി.സി.ബി | | 2004-05 പൊതു പരാമർശം | 11-1-3-9 | നികുതി പിരിവിൽ അലംഭാവം |
| | | 2011-12 | 3-2-7 | ആസ്തി രജിസ്റ്റർ പരിപാലനം |
| | | 2011-12 | 3-2-9 | കണക്റ്റിവിറ്റി പ്ലാൻ |
| | | 2011-12 | 3-2-12-11 | മരാമത്ത് പണികളുടെ നടത്തിപ്പ് |
| | | 2011-12 | 3-2-20-10 | എൻജിനീയറിംഗ് വിഭാഗത്തിൽ ജീവനക്കാർ അപര്യാപ്തം |
| | | 2011-12 | 3-2-13 | ഗുണഭോക്തൃ കമ്മറ്റി – മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| | | 2013-14 അവലോകനം | 6-1-2 | പെർഫോമൻസ് ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല |
| | | 2013-14 അവലോകനം | 6-1-3 | പെർഫോമൻസ് ഗ്രാന്റ് ലക്ഷ്യത്തിൽ നിന്നും വ്യതിചലിച്ചു |

| | | | | |
|---|---|---|---|---|
| 2015-16 | 3-5 | 2016-17 | 5-2-2 | മരാമത്ത് പ്രവൃത്തി – മാർക്കറ്റ് നിരക്ക് പരിഗണിക്കാതെ അധികം ചെലവ് ചെയ്തു |
| 2014-15 | 2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-6 | 2016-17 | അനുബന്ധം5 | തൊഴിൽ നികുതി അപാകതകൾ |
| 2016-17 | 2-2 | 2017-18 | 1-11-14 | വസ്തു നികുതി പരിഷ്കരണം - അപാകതകൾ |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാ ദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | | | | | | ഇല്ല. | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,84,20,165 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,78,53,273 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 49,400 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | - | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 49,400 | ശ്രീ. എം. ഭാസ്കരൻ, ഹെഡ്മാസ്റ്റർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.ഭാസ്കരൻ, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി. എം. എൽ. പി. എസ്. തലക്കളത്തൂർ | ശ്രീവൽസം നിവാസ് കോക്കല്ലൂർ പി. ഒ ബാലുശ്ശേരി-673612 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1993-94 | എൽ.എഫ്.എസ്.2/1271/94 തി. 31.3.95 | 29 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(7) തി. 11.11.11 | 29, 32, 33 |
| 2000-01 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(8) തി. 11.11.11 | 1എ,2-1, 2-2, 2-3, 3-1, 4-1, 4-4 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(9) തി. 11.11.11 | 7,9,11,14 |
| 2001-02 (ചെലവ്) | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(10) തി. 11.11.11 | 6 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(11) തി. 11.11.11 | 1-1, 3-1, |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി2/ 1686/11(13) തി. 11.11.11 | 3-4, 3-6, 3-9, 3-10 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/ പി2/1634/08 തി. 13.01.09 | 3-1, 3-4, 3-6-1, 3-6-2, 3-10, 3-11, 3-12, 3-13 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/ പി2/1241/09 തി. 15.10.09 | 3-6, 3-13, 3-15, 3-16, 3-18 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.കെ.കെ.ഡി/ പി2/1322/10 തി. 20.12.10 | 3-3, 3-5, 3-8, 3-9, 3-10, 3-11, 3-12, 3-14, 3-15, 4-3 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/ പി2/1322/10 തി. 20.12.10 | 2-1, 2-3, 2-5-(2),(3),(4),(5), 2-6, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11,<br>3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19,<br>3-20, 3-23, 3-24, 3-25, 3-26, 3-27, 3-28,3-29<br>3-30-3, 3-31-(1)(3)(4), 4-3, |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/ പി2/1653/11 തി. 12.01.12 | 2-1-4, 2-1-5, 2-1-6, 2-1-7, 2-1-8, 2-2-1, 2-5, 2-6, 2-7,1, 2-7-2, 2-7-3, 2-12,<br>3-5, 3-6, 3-8, 3-9,<br>3-10-1, 3-10-2, 3-10-3, 3-11, 3-12,3-13,<br>3-15-1, 3-15-2, 3-15-3, 3-16, 3-18<br>3-20, 3-22, 3-23, 3-24, 3-25, 3-26, |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/ പി2/1536/12 തി. 10.6.13 | 2-1-4, 2-2, 2-4-1, 2-4-2, 2-4-3, 3-1-1, 3-1-2, 3-2, 3-3, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/ പി2/246/13 തി. 20.7.13 | 2-2-1, 2-2-2, 2-2-3, 2-3-2, 2-4-1-2, 2-5,<br>2-6-1, 2-6-3, 2-6-4, 3-1,<br>3-3, 3-6, 3-7, 3-8, 3-9, 3-11,3-12, 3-13, 3-14,<br>3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23 |
| 2011-12,2012-13 | എൽ.എഫ്.കെ.കെ.ഡി/പി 12/2044/14 തി. 4.3.15 | 1-2, 1-3, 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-4, 3-5, 3-6, 4-1-1, 4-1-2, |
| 2013-14,2014-15 | കെ.എസ്.എ.കെ.കെ.ഡി പി12/1656/15 തി. 27-10-15 | 2-1, 2-2, 2-3-1, 2-3-2, 2-3-3, 2-3-4, 3-1,<br>3-2, 3-3, 3-5, 3-9, 3-10, 3-11, 3-12, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.12 2301/16 തി. 12-10-17 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1,<br>3-2, 3-5, 3-6,<br>3-9, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.12 58/18 തി. 21/3/18 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-7, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി.12 1369/19 തി. 2/9/19 | 1-12,2-1,2-2,2-3, 3-1, 3-4, 4-10 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി.4/790/ 2020തീ.17.09.2020 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തലകുളത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂര് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം:കെ.എസ്.എ.കെ.കെ.ഡി.പി.4/799/2021 തീയതി.15.03.2021

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തലക്കുളത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2019-20 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.